# ‘മേൽക്കുമേൽ വർദ്ധിക്കുന്ന സ്നേഹം’

## ഫിലിപ്പിയർ 1:9–11

“നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ടു നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ പുകഴ്ചയ്ക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരുമായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു.”

ഇവിടെ ഫിലിപ്പിയയിലെ സഭയ്ക്ക് വേണ്ടി പൗലോസ് പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനയാണ് നാം വായിച്ചു കണ്ടത്. ഫിലിപ്പിയയിലെ ജനങ്ങളുടെ ഭൗതീകമായ ഉയർച്ചയ്ക്കു വേണ്ടിയോ, സാമ്പത്തിക ഉന്നമനത്തിനു വേണ്ടിയോ അതുമല്ലെങ്കിൽ അവരെ തങ്ങളുടെ കഷ്ടങ്ങളിൽ നിന്നു വിടുവിക്കുന്നതിന്നു വേണ്ടിയോ ഒന്നുമല്ല പൗലോസ് ദൈവത്തോട് അപേക്ഷിക്കുന്നത്, മറിച്ച് ദൈവീക പരിജ്ഞാനത്തിലും വിവേകത്തിലും അവരുടെ സ്നേഹം മേൽക്കുമേൽ വർദ്ധിച്ചു വരുന്നതിന്നു വേണ്ടിയാണ് യാചിക്കുന്നത്. പൗലോസിന്റെ ലേഖനങ്ങളിലുടനീളം നാം കണ്ടുവരുന്നതു പോലെ നശിച്ചുപോകുന്നതും നീങ്ങിപ്പോകുന്നതുമായ നേട്ടങ്ങൾക്കു വേണ്ടിയല്ല പൗലോസ് ദൈവത്തിനെ സമീപിക്കുന്നത്, നിത്യമായതും ഘനമായതുമായ കാര്യങ്ങൾക്കു വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. ഈ ജനത്തിന്നു ജീവിതത്തിൽ കഷ്ടങ്ങൾ ഉണ്ടാവും എന്നത് പൗലോസിന്നു വളരെ വ്യക്തതയുള്ള ഒരു കാര്യമാണ്. എന്നിരുന്നാലും അവയെല്ലാം ദൈവത്തിൽ ഊന്നിക്കൊണ്ട് പരസ്പരം സ്നേഹിക്കുകയും സ്നേഹത്തിൽ വളരുകയും ചെയ്യുകയാണെങ്കിൽ ഏതു പ്രശ്നത്തെയും നേരിടുവാനുള്ള ദൈവീക ശക്തി അവർക്ക് ലഭിക്കും എന്നുള്ള കാര്യത്തിൽ പൗലോസിന്നു യാതൊരു സംശയവുമില്ല.

ദൈവീകകേന്ദ്രീകൃതമായ സ്നേഹം ഒരിക്കലും നൈമിഷികമായതും വികാരഭരിതമായതു മല്ല മറിച്ച് അതു ഒരുവനെ അതിന്റെ പ്രവൃത്തിയിലേക്ക് നയിക്കുന്ന ഒന്നാണ്. കർത്താവായ ക്രിസ്തുവിലും അവന്റെ രക്തത്താലുള്ള പാപമോചനത്തിലും വിശ്വാസമർപ്പിച്ചിരിക്കുന്ന ഏതൊരു വ്യക്തിയും ക്രിസ്തുവിൽ കൂട്ടുസഹോദരന്മാരും സഹോദരികളുമാണ്. അവർ ഒരു കുടുംബത്തെപ്പോലെ പ്രവൃത്തിക്കുകയും മറ്റുള്ളവരെ കരുതുവാനും പരിപാലിക്കുവാനും മുന്നിട്ടു നിൽക്കുകയും ചെയ്യണം. ഉദഹരണമായി, നമുക്കിടയിലുള്ള ഒരുവന് ഒരാവശ്യമുണ്ടായാൽ അവനുവേണ്ടി

പ്രാർത്ഥിക്കുന്നതോടൊപ്പം അവന്റെ ആവശ്യം നിറവേറുന്നതിലേക്ക് നമ്മെ നയിക്കുക കൂടി വേണം. അതാണ് സ്നേഹത്താലുളവാകുന്ന ദൈവീക പ്രവൃത്തി. നാം എപ്പോഴും ദൈവീക സാന്നിദ്ധ്യത്തിലായിരിക്കുന്നു എങ്കിൽ നമ്മിൽ അധിവസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ വിവേകത്തിന്റെ പ്രകാശനത്താൽ നിറെയ്ക്കുകയും നാം ചെയ്യേണ്ടുന്ന നന്മയുടെ പ്രവൃത്തി, അത് ഏറ്റവും മികച്ച രീതിയിൽ, വെളിവായി വരികയും ചെയ്യുന്നു.

വചനത്തിന്റെ രണ്ടാം ഭാഗത്തിൽ പറയുന്നു നാം നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ നീതിഫലം നിറഞ്ഞവരുമായി തീരേണം എന്ന്. ഇപ്രകാരമാണെങ്കിലും നാം അനുദിനം അല്ലെങ്കിൽ അനുനിമിഷം കർത്താവിന്റെ സന്നിധിയിൽ നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് പാപക്ഷമ യാചിക്കേണ്ടതുണ്ട്, കാരണം നാം പാപത്തിൽ വസിക്കുന്നവരാണ്. 1 യോഹന്നാൻ 1:9 ൽ ഇപ്രകാരം പറയുന്നു, "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" എന്ന്. പാപബോധം നമ്മിൽ ഉണ്ടായിക്കഴിഞ്ഞാൽ അത് ദൈവത്തിന്റെ സന്നിധിയിൽ ഏറ്റുപറയുകയും പാപക്ഷമ യാചിക്കുകയും അത് ദൈവം ക്ഷമിച്ചു തന്നതിന്നു ശേഷം പിന്നീട് ആ പാപത്തിൽ നിലനിൽക്കുകയോ അത് ചെയ്യുവാനുള്ള ആഗ്രഹം മനസ്സിൽ സൂക്ഷിക്കുകയോ ചെയ്യരുത്. അതാണ് ദൈവത്തിന്റെ മുമ്പിൽ നിർമ്മലരായിരിപ്പാനുള്ള ഏകമാർഗ്ഗം. അതു തന്നെയാണ് ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നതും, കപടമില്ലാത്ത ഹൃദയവും സുതാര്യമായ ജീവിതവും. അപ്രകാരമുള്ള ഒരു ജീവിതം നയിക്കാൻ ദൈവത്തിന്റെ ആത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :
ഫിലിപ്പിയർ 2:14-15
വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‍വീൻ. അവരുടെ ഇടയിൽ ജീവന്റെ വചനം പ്രമാണിച്ചു കൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 121